**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1252** **04-07-2022 - ൽ മറുപടിയ്ക്ക്**

**തൃപ്പൂണിത്തുറ പാലത്തിൽ യുവാവ് മരിച്ച സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീമതി.ഉമ തോമസ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | തൃപ്പൂണ്ണിത്തുറയിൽ നിർമ്മാണം പൂർത്തിയാകാത്ത പാലത്തിലുണ്ടായ അപകടത്തിൽ യുവാവ് മരിച്ച സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ഗൗരവമായി കാണുന്നുണ്ട്. |
| (ബി) | റോഡിൽ അപകട സൂചനാ ബോർഡുകളോ മുന്നറിയിപ്പ് ബോർഡുകളോ സ്ഥാപിക്കാതിരുന്നതാണ് അപകടമുണ്ടാക്കിയത് എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | നിർമ്മാണ ഘട്ടത്തിലിരിക്കുന്ന പാലങ്ങളിൽ സ്വീകരിക്കേണ്ട മുൻ കരുതലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (സി) | പാലങ്ങളുടെ നിർമ്മാണ സ്ഥലങ്ങളിൽ Kerala PWD Manual Clause 2107, 2407.32. Appendix 2100D, Section 1000, കരാർ ഉടമ്പടിയിലെ SBD Clause 62.1, 64.1, 69 പ്രകാരവും വിശദീകരിക്കുന്ന സുരക്ഷാ ക്രമീകരണങ്ങൾ പാലിക്കേണ്ട ഉത്തരവാദിത്തം കരാറുകാരനിൽ നിക്ഷിപ്തമാണ്. IRC SP 55-2014 “guidelines management in work zone” ഇത് സംബന്ധിച്ച് പ്രതിപാദിക്കുന്നുണ്ട്. Circular No. CEPWD/12100/2020-Vig4-AD dated 08/06/2022 പ്രകാരവും വകുപ്പ് ഉദ്യോഗസ്ഥർ സമയാസമയങ്ങളിൽ സൈറ്റ് ഇൻസ്പെക്ഷൻ കാര്യക്ഷമമായി നടത്തുകയും സൂചന ബോർഡുകൾ, ബാരിക്കേഡുകൾ, ബാരിയർ, ലൈറ്റുകൾ എന്നിവ ഉണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്. |
| (ഡി) | പ്രസ്തുത സംഭവത്തിൽ പാലം പണി നടക്കുന്ന സ്ഥലങ്ങളിൽ കൃത്യമായ അപകട സൂചനകൾ ഉണ്ടെന്ന് ഉറപ്പുവരുത്തുന്നതിൽ ഉദ്യോഗസ്ഥർക്ക് വീഴ്ച പറ്റിയിട്ടുണ്ടോയെന്നത് അന്വേഷണവിധേയമാക്കിയിട്ടുണ്ടോ; | (ഡി) | ഇക്കാര്യം അന്വേഷണത്തിന്റെ ഭാഗമായി പരിശോധിക്കുന്നുണ്ട്. |
| (ഇ) | പ്രസ്തുത സംഭവത്തിൽ കുറ്റക്കാർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഇ) | പ്രാഥമികമായ അന്വേഷണാനന്തരം ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ, |

| | | | |
|---|---|---|---|
| | | | ഓവർസിയർ എന്നിവരെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തു. |

സെക്ഷൻ ഓഫീസർ